# <u>മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമം</u>

വിഷയം:-കേരളാ വാട്ടർ അതോറിറ്റി- സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെ നിയമിക്കുന്നത് സംബന്ധിച്ച്

---

## കേരള വാട്ടർ അതോറിറ്റി

നമ്പർ: 9421/APIO/2016/കെ ഡബ്ല്യു എ                    തീയതി, തിരുവനന്തപുരം, 05.12.2018

---

സൂചന:- 1. 2006 ഒക്ടോബർ 30-ആം തിയതിയിലെ 77000/സി.ഡി.എൻ.5/06/പൊ.ഭ.വ. നമ്പർ ഒന്നും രണ്ടും സർക്കുലറുകൾ.

2. 03/03/2017-ലെ കെ.ഡബ്ല്യു.എ./ജെ.ബി./ആർ.ടി.ഐ./ജനറൽ-9421/2018 നമ്പർ ഉത്തരവ്

### <u>ഉത്തരവ്</u>

വിവരാവകാശ നിയമം, 2005- ലെ വകുപ്പ് 5(1) പ്രകാരം, എല്ലാ ഭരണ വിഭാഗങ്ങളിലും ഓഫീസുകളിലും ആവശ്യാനുസരണം ആഫീസർമാരെ സംസ്ഥാന ഇൻഫർമേഷൻ ആഫീസർമാരായി നിയമിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം, കേരളാ വാട്ടർ അതോറിറ്റിയുടെ വിവിധ ഓഫീസുകളിൽ കൂടുതൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരേയും അപ്പീൽ അധികാരികളെയും അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരേയും നിയമിച്ച് സൂചന(2) മുഖേന ഉത്തരവായിരുന്നു. ഈ നിയമന ഉത്തരവിൽ, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ എന്ന സ്ഥാനപ്പേരിന് പകരം പബ്ലിക് ഇൻഫർമേഷൻ ആഫീസർ എന്നാണ് സൂചിപ്പിച്ചിരുന്നത്. വിവരാവകാശ നിയമപ്രകാരം, സംസ്ഥാന ഉദ്യോഗസ്ഥർക്ക് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ, സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ എന്നിങ്ങനെയാണ് സ്ഥാനപ്പേരുകൾ വിവക്ഷിച്ചിട്ടുള്ളത്. ആയതിനാൽ, സൂചന (2)-ലെ ഉത്തരവിലെ പബ്ലിക് ഇൻഫർമേഷൻ ആഫീസർ എന്നത് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ എന്നും അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ എന്നത് സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ എന്നും തിരുതി വായിക്കാൻ ഇതിനാൽ ഉത്തരവാകുന്നു.

കൂടാതെ ഹെഡ് ഓഫീസിലെ വിവരാവകാശം, പരസ്യം എന്നീ സെക്ഷനുകൾക്കും മാനേജിംഗ് ഡയറക്ടറുടെ യൂണിറ്റിലും പ്രത്യേകം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർമാരെ നിയമിച്ചിട്ടില്ലായിരുന്നു. പ്രസ്തുത വിഭാഗങ്ങളിൽക്കൂടി അധികമായി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർമാരെ ഈ ഉത്തരവിൻ പ്രകാരം നിയമിക്കുന്നു.

വിവരാവകാശം, പരസ്യം എന്നിവയുടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ പ്രിൻസിപ്പൽ ഇൻഫർമേഷൻ ആഫീസറും അപ്പീൽ അധികാരി സെക്രട്ടറിയും ആയിരിക്കും. മാനേജിംഗ് ഡയറക്ടറുടെ യൂണിറ്റിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും അപ്പീൽ അധികാരി സെക്രട്ടറിയും ആയിരിക്കും. ഇതുൾപ്പെടെ, കേരളാ വാട്ടർ അതോറിറ്റിയുടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ, സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ, അപ്പീൽ അധികാരി എന്നിവരുടെ പുതുക്കിയ പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Draft #3 of File 9421/APIO/2016/KWA Approved by Managing Director on 05-Dec-2018 08:21 PM - Page 1

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർമാരുടെയും സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ മാരുടെയും പേരുകൾ സൂചിപ്പിക്കുന്ന ഫലകങ്ങളിലും യഥാവിധിയുള്ള മാറ്റം വരുത്തേണ്ടതാണ്. വാട്ടർ അതോറിറ്റിയുടെ എല്ലാ കാര്യാലയങ്ങളിലും വിവരാവകാശ നിയമപ്രകാരം നിയമിച്ചിട്ടുള്ള സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ, സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ, അപ്പീൽ അധികാരി രണ്ടാം അപ്പീൽ അധികാരി എന്നിവരുടെ തസ്തികയും, പേരു വിവരവും, ഫോൺ നമ്പരും, ഇ-മെയിലും അടങ്ങിയ ബോർഡ് പ്രദർശിപ്പിക്കേണ്ടതാണ്. വിവരാവകാശ നിയമം അനുശാസിക്കും പ്രകാരം സമയബന്ധിതമായി പൗരന്മാർക്ക് വിവരങ്ങൾ ലഭ്യമാക്കാൻ എല്ലാ ഉദ്യോഗസ്ഥരും പരിശ്രമിക്കേണ്ടതാണ്.

(ഒപ്പ്)

മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

1. എല്ലാ ചീഫ് എഞ്ചിനീയർമാർക്കും സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും.
2. കേന്ദ്ര കാര്യാലയത്തിലെ എല്ലാ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്കും.

ഉത്തരവിന്റെ പകർപ്പ്

മാനേജിംഗ് ഡയറക്ടറുടെ പി.എ./ ടെക്നിക്കൽ മെമ്പറുടെ പി.എ./ അക്കൗണ്ട്സ് മെമ്പറുടെ പി.എ./ സി.ഇ. (എച്ച്.ആർ.ഡി.&ജനറൽ)/ (പ്രൊജക്ട്സ്)/സെക്രട്ടറി/ പി.ഐ.ഒ./ ഫയൽ/ സ്റ്റോക്ക് ഫയൽ.

Draft #3 of File 9421/APIO/2016/KWA Approved by Managing Director on 05-Dec-2018 08:21 PM - Page 2

The document is digitally approved. Hence signature is not needed.

## അനുബന്ധം 1

കേന്ദ്ര കാര്യാലയത്തിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർമാരും അപ്പീൽ അധികാരികളും

| ക്രമ നം. | സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ | അപ്പീൽ അധികാരി | വിഷയം |
|---|---|---|---|
| 1 | എക്സിക്യൂട്ടീവ് എഞ്ചിനീയർ(എസ്.പി.) | സെക്രട്ടറി | സ്റ്റോർ പർച്ചേസ് |
| 2 | എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഐ.ടി.) | സെക്രട്ടറി | ഇൻഫർമേഷൻ ടെക്നോളജി |
| 3 | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (എസ്.യു.) | സെക്രട്ടറി | ബോർഡ് മീറ്റിംഗ് , അജണ്ട നോട്ട്, ലാൻഡ് മാറ്റേഴ്സ് |
| 4 | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (വിജിലൻസ് സെക്ഷൻ) | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (വിജിലൻസ്) | വിജിലൻസ് |
| 5 | ജൂനിയർ സൂപ്രണ്ട് (വിജിലൻസ്-ജനറൽ) | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (വിജിലൻസ്) | സുതാര്യകേരളം, പൊതുജനങ്ങളുടെ പരാതികൾ |
| 6 | എക്സിക്യൂട്ടീവ് എഞ്ചിനീയർ (വിജിലൻസ് സെൽ) | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (വിജിലൻസ്) | വിജിലൻസ് എൻക്വിയറി, ഇൻസ്പെക്ഷൻ |
| 7 | എക്സിക്യൂട്ടീവ് എഞ്ചിനീയർ (വർക്സ് സൗത്ത്) | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (വർക്സ്) | എറണാകുളം, ഇടുക്കി, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളുടെ റിവൈസ്ഡ് എസ്റ്റിമേറ്റും ടെണ്ടറും. |
| 8 | എക്സിക്യൂട്ടീവ് എഞ്ചിനീയർ (വർക്സ് നോർത്ത്) | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (വർക്സ്) | തൃശ്ശൂർ , പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളുടെ റിവൈസ്ഡ് എസ്റ്റിമേറ്റും ടെണ്ടറും. |
| 9 | എക്സിക്യൂട്ടീവ് എഞ്ചിനീയർ (പ്ലാനിംഗ്) | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (പ്ലാനിംഗ്) | ആന്വൽ പ്ലാൻ, പ്രധാന പദ്ധതികളുടെ ആസൂത്രണം, ബഡ്ജറ്റ് ആസൂത്രണം |
| 10 | എക്സിക്യൂട്ടീവ് എഞ്ചിനീയർ (മോണിറ്ററിംഗ്) | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (മോണിറ്ററിംഗ്) | സ്കീമുകളുടെ അവലോകനം/ സ്റ്റാറ്റിയൂട്ടറി പ്രോജക്ട് ഡാറ്റാബേസ് സൂക്ഷിക്കുക/ നിയോജക മണ്ഡലങ്ങളിലെ അവലോകന യോഗങ്ങൾ/ സെക്രട്ടറിയേറ്റിലെ അവലോകന യോഗങ്ങൾ/ നബാർഡ്/ പ്രോഗ്രസ്സ് റിപ്പോർട്ടുകൾ |

Draft #3 of File 9421/APIO/2016/KWA Approved by Managing Director on 05-Dec-2018 08:21 PM - Page 3

| | | | |
|---|---|---|---|
| 11 | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ III (ഓപ്പറേഷൻസ്) | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഓപ്പറേഷൻസ്) | സംസ്ഥാന പദ്ധതികളുടെ ഭരണാനുമതി, നിലവിലുള്ള പദ്ധതികളുടെ നടത്തിപ്പും പരിപാലനവും സംബന്ധിച്ച കാര്യങ്ങൾ |
| 12 | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (വർക്സ്) | ഇലക്ട്രിക്കൽ എസ്റ്റിമേറ്റുകൾ |
| 13 | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ടി.എം.യു.) | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ടി.എം.യു.) | ജില്ലാതല പദ്ധതി അവലോകനങ്ങൾ / എൻ.ഐ.ടി. പരിഷ്കരണം |
| 14 | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (എസ്.ഡി.സി.) | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ടി.എം.യു.) | ജലനിധി പദ്ധതികൾ |
| 15 | ഡെപ്യൂട്ടി ലാ ആഫീസർ | ലാ ആഫീസർ | ലീഗൽ കാര്യങ്ങൾ |
| 16 | ഡെപ്യൂട്ടി എ.എം.III | അക്കൗണ്ട്സ് മാനേജർ II | നാഷണൽ പെൻഷൻ സിസ്റ്റം |
| 17 | ഡി.ബി.എ. | സെക്രട്ടറി | ഡാറ്റാബേസ് മാനേജ്മെൻറ് |
| 18 | അക്കൗണ്ട്സ് ആഫീസർ (അഡ്മിൻ) | സീനിയർ എ.ഓ. | ജീവനക്കാര്യ/ സീനിയോറിറ്റി ലിസ്റ്റുകൾ/ സ്ഥലം മാറ്റങ്ങൾ / നിയമനങ്ങൾ/ റഗുലറൈസേഷൻ/ ഒഴിവുകൾ/ പ്രൊമോഷനുകൾ. |
| 19 | അക്കൗണ്ട്സ് ആഫീസർ (എസ്റ്റാബ്ലിഷ്മെൻറ് ) | അക്കൗണ്ട്സ് മാനേജർ II | പേസ്ളിപ്പ്/ പെൻഷൻ അനുമതി നൽകൽ |
| 20 | അക്കൗണ്ട്സ് ആഫീസർ (അക്കൗണ്ട്സ്) | അക്കൗണ്ട്സ് മാനേജർ II | അക്കൗണ്ട്സ്/ ജനറൽ പ്രൊവിഡൻറ് ഫണ്ട് |
| 21 | അക്കൗണ്ട്സ് ആഫീസർ (ഐ.എ.) | അക്കൗണ്ട്സ് മാനേജർ II | ആഡിറ്റ് |
| 22 | അക്കൗണ്ട്സ് ആഫീസർ (ഫണ്ട്സ്) | അക്കൗണ്ട്സ് മാനേജർ II | ഫണ്ട്സ് / പെൻഷൻ വിതരണം |
| 23 | അക്കൗണ്ട്സ് ആഫീസർ (ആർ.എം.സി.) | അക്കൗണ്ട്സ് മാനേജർ II | റവന്യൂ വരുമാനം/ റവന്യൂ സംബന്ധിച്ച പരാതികൾ / ആക്ട് |
| 24 | അക്കൗണ്ട്സ് ആഫീസർ (സീനിയോറിറ്റി സെൽ-ഫണ്ട്സ്) | അക്കൗണ്ട്സ് മാനേജർ II | എച്.ആർ. ബില്ലുകൾ |
| 25 | എക്സിക്യൂട്ടീവ് എഞ്ചിനീയർ (ടി.സി.) | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ജനറൽ) | ട്രെയിനിംഗ് |
| 26 | പ്രിൻസിപ്പൽ ഇൻഫർമേഷൻ ആഫീസർ | സെക്രട്ടറി | വിവരാവകാശം, പരസ്യം |
| 27 | മാനേജിംഗ് ഡയറക്ടറുടെ ടെക്നിക്കൽ അസിസ്റ്റൻറ് | സെക്രട്ടറി | മാനേജിംഗ് ഡയറക്ടറുടെ വിഭാഗം |

Draft #3 of File 9421/APIO/2016/KWA Approved by Managing Director on 05-Dec-2018 08:21 PM - Page 4

കേന്ദ്ര കാര്യാലയം ഒഴികെ മറ്റ് ആഫീസുകളിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർമാരും സ്റ്റേറ്റ് അസിസ്റ്റൻറ് പബ്ലിക് ഇൻഫർമേഷൻ ആഫീസർമാരും അപ്പീൽ അധികാരികളും

റീജിയണൽ ആഫീസ് ( ചീഫ് എഞ്ചിനീയറുടെ ആഫീസ്)

| **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ** | **സ്റ്റേറ്റ് അസിസ്റ്റൻറ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ** | **അപ്പീൽ അധികാരി** |
|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ആഫീസർ (ഭരണപരമായ വിഷയങ്ങൾ)& എക്സിക്യൂട്ടീവ് എഞ്ചിനീയർ (സാങ്കേതിക വിഷയങ്ങൾ) | സെക്ഷൻ ക്ലർക്ക് | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ |

സർക്കിൾ ആഫീസ് (സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ആഫീസ്)

| **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ** | **സ്റ്റേറ്റ് അസിസ്റ്റൻറ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ** | **അപ്പീൽ അധികാരി** |
|---|---|---|
| അക്കൗണ്ട്സ് ആഫീസർ (ഭരണപരമായ വിഷയങ്ങൾ)& സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പി.എ. (സാങ്കേതിക വിഷയങ്ങൾ) | സെക്ഷൻ ക്ലർക്ക് | സൂപ്രണ്ടിംഗ് എഞ്ചിനീയർ |

ഡിവിഷൻ ആഫീസ് (എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആഫീസ്)

| **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ** | **സ്റ്റേറ്റ് അസിസ്റ്റൻറ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ** | **അപ്പീൽ അധികാരി** |
|---|---|---|
| ഡിവിഷണൽ അക്കൗണ്ട്സ് ആഫീസർ (ഭരണപരവും അക്കൗണ്ട്സും) & ടെക്നിക്കൽ അസിസ്റ്റൻറ് (സാങ്കേതിക വിഷയങ്ങൾ) | സെക്ഷൻ ക്ലർക്ക് | സൂപ്രണ്ടിംഗ് എഞ്ചിനീയർ |

സബ് ഡിവിഷൻ ആഫീസ് (അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആഫീസ്)

| **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ** | **സ്റ്റേറ്റ് അസിസ്റ്റൻറ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ** | **അപ്പീൽ അധികാരി** |
|---|---|---|
| അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | സെക്ഷൻ ക്ലർക്ക് | സൂപ്രണ്ടിംഗ് എഞ്ചിനീയർ |

സെക്ഷൻ ആഫീസ് (അസിസ്റ്റൻറ് എഞ്ചിനീയറുടെ ആഫീസ്)

| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ | സ്റ്റേറ്റ് അസിസ്റ്റൻറ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ | അപ്പീൽ അധികാരി |
|---|---|---|
| അസിസ്റ്റൻറ് എഞ്ചിനീയർ | സെക്ഷൻ ക്ലർക്ക്/ ഡ്രാഫ്റ്റ്സ്മാൻ / ഓവർസീർ | സൂപ്രണ്ടിംഗ് എഞ്ചിനീയർ |

Draft #3 of File 9421/APIO/2016/KWA Approved by Managing Director on 05-Dec-2018 08:21 PM - Page 5